

# കേരളപ്പിറവിദിനം

## നവംബർ - 1

**ഗുരു**

കുറ്റിപ്പുറംഉപജില്ല
അധ്യാപകകൂട്ടായ്മ

**പഠനവീട്**

Prepared by
ദിവാകരൻ.പി
ALPS KUTTIPPURAM SOUTH

# കേരളപ്പിറവി

ഭാഷയുടെ അടിസ്ഥാനത്തിൽ സംസ്ഥാനങ്ങളെ പുന:സംഘടിപ്പിക്കാൻ ഇന്ത്യാഗവൺമെന്റ് തീരുമാനിച്ചു. ആ തീരുമാനപ്രകാരം മലയാളം പ്രധാന ഭാഷയായി ഉപയോഗിക്കുന്ന പ്രദേശങ്ങളെല്ലാം കൂട്ടിച്ചേർത്ത് രൂപീകരിച്ച സംസ്ഥാനമാണ് കേരളം.

1956 നവംബർ 1 നാണ് കേരള സംസ്ഥാനം നിലവിൽ വന്നത്. ആ ദിവസം നാം കേരളപ്പിറവിദിനമായി ആഘോഷിക്കുന്നു.

അന്നു തന്നെയാണ് ആന്ധ്രാപ്രദേശ്, തമിഴ്നാട്, മധ്യപ്രദേശ് എന്നീ സംസ്ഥാനങ്ങളും രൂപവത്കരിച്ചത്.

രൂപീകരണ സമയത്ത് അഞ്ചു ജില്ലകളായിരുന്നു കേരളത്തിൽ ഉണ്ടായിരുന്നത്. തിരുവനന്തപുരം, കൊല്ലം, കോട്ടയം, തൃശൂർ, മലബാർ എന്നിവയായിരുന്നു അവ.

1957 -ൽ മലബാറിനെ വിഭജിച്ച് പാലക്കാട്, കോഴിക്കോട്, കണ്ണൂർ ജില്ലകളും കോട്ടയം, കൊല്ലം ജില്ലകളിലെ പ്രദേശങ്ങളെ ഉൾപ്പെടുത്തി ആലപ്പുഴ ജില്ലയും രൂപീകരിച്ചു.

1958-ൽ എറണാകുളം, 1969 -ൽ മലപ്പുറം 1972 -ൽ ഇടുക്കി 1980 - ൽ വയനാട് 1982 -ൽ പത്തനംതിട്ട 1984 -ൽ കാസർകോട് എന്നീ ജില്ലകളും രൂപീകരിച്ചു.

കേരള സംസ്ഥാനത്ത് ഇപ്പോൾ 14 ജില്ലകൾ ഉണ്ട്. തിരുവനന്തപുരമാണ് കേരളത്തിന്റെ തലസ്ഥാനം.



# കേരളം - അടിസ്ഥാനവിവരങ്ങൾ




## കേരളത്തിലെ ജില്ലകൾ

1. കാസർകോട്
2. കണ്ണൂർ
3. കോഴിക്കോട്
4. വയനാട്
5. മലപ്പുറം
6. പാലക്കാട്
7 . തൃശൂർ
8. എറണാകുളം
9. കോട്ടയം
10. ഇടുക്കി
11. ആലപ്പുഴ
12. പത്തനംതിട്ട
13. കൊല്ലാം
14. തിരുവനന്തപുരം

കേരളത്തെ കുറിച്ച് ലളിതമായൊരു ഗാനം കേൾക്കാം

# എന്റെ ഭാഷ മലയാളം
## പ്രതിജ്ഞ

മലയാളമാണ് എന്റെ ഭാഷ.
എന്റെ ഭാഷ എന്റെ വീടാണ്;
എന്റെ ആകാശമാണ്.
ഞാൻ കാണുന്ന നക്ഷത്രമാണ്.
എന്നെ തഴുകുന്ന കാറ്റാണ്.
എന്റെ ദാഹം ശമിപ്പിക്കുന്ന കുളിർ വെള്ളമാണ്.
എന്റെ അമ്മയുടെ തലോടലും ശാസനയുമാണ്.
ഏതു നാട്ടിലെത്തിയാലും ഞാൻ സ്വപ്നം കാണുന്നത് എന്റെ ഭാഷയിലാണ്.
എന്റെഭാഷ ഞാൻ തന്നെയാണ്.

Prepared by
ദിവാകരൻ.പി
ALPS KUTTIPPURAM SOUTH

# നമ്മുടെ കേരളം

**കേരളം നമ്മുടെ നാടാണ്**
**ഭംഗി നിറഞ്ഞൊരു നാടാണ്**
**നന്മകൾ വിളയും നാടാണ്**
**നമ്മുടെയെല്ലാം വീടാണ്**
**ഒന്നായ് നമ്മൾ നിന്നെന്നാൽ**
**നന്നായ് പുലരും നാടാണ്**
**കേരളം നമ്മുടെ നാടാണ്**
**ലോകത്തിന്റെ വിളക്കാണ്**

എന്റെ കേരളം കവിത
കേൾക്കാൻ,
കാണാൻ



Prepared by
ദിവാകരൻ.പി
ALPS KUTTIPPURAM SOUTH

**കാസർകോട്**
വടക്കേയറ്റത്തുള്ള ജില്ല.
ഏറ്റവും കൂടുതൽ
നദികളുള്ള ജില്ല.

**കണ്ണൂർ**
കൈത്തറിയുടെ നാട്.
ഏറ്റവും കൂടുതൽ
കടൽത്തീരമുള്ള ജില്ല.

**കോഴിക്കോട്**
കാപ്പാട് കടപ്പുറം,
മാനാഞ്ചിറ മൈതാനം,
കടലുണ്ടി പക്ഷിസങ്കേതം,
തുഷാരഗിരി വെള്ളച്ചാട്ടം
തുടങ്ങിയവ ഈ ജില്ലയിൽ.

**വയനാട്**
ഏറ്റവും കുറവ്
ജനസംഖ്യയുള്ള ജില്ല.
രണ്ടു സംസ്ഥാനങ്ങളുമായി
അതിർത്തി
പങ്കിടുന്ന കേരളത്തിലെ
ഒരേയൊരു ജില്ല.

**മലപ്പുറം**
ഏറ്റവും കൂടുതൽ
ജനസംഖ്യയുള്ള ജില്ല.
തിരുന്നാവായ, പൊന്നാനി,
കോട്ടക്കൽ, തിരൂർ,
കൊണ്ടോട്ടി, നിലമ്പൂർ
എന്നീ സ്ഥലങ്ങൾ
ഈ ജില്ലയിലാണ്.

Prepared by
ദിവാകരൻ.പി
ALPS KUTTIPPURAM SOUTH

## പാലക്കാട്

ഏറ്റവും വലിയ ജില്ല.
കേരളത്തിന്റെ നെല്ലറ. സൈലന്റ് വാലി,
പറമ്പിക്കുളം, നെല്ലിയാമ്പതി വനങ്ങൾ,
മലമ്പുഴ അണക്കെട്ട്, കൽപ്പാത്തി രഥോത്സവം,
കുഞ്ചൻ നമ്പ്യാരുടെ ജന്മദേശമായ
ലക്കിടി എന്നിവ ഈജില്ലയിൽ.

## തൃശൂർ

കേരളത്തിന്റെ സാംസ്കാരിക തലസ്ഥാനം.
പൂരങ്ങളുടെ നാട്.
മനോഹര വെള്ളച്ചാട്ടമായ അതിരപ്പള്ളി,
ഗുരുവായൂർ ക്ഷേത്രം,
കാർഷിക സർവകലാശാല,
കേരള കലാമണ്ഡലം എന്നിവ ഈ ജില്ലയിൽ.

## എറണാകുളം

ഇന്ത്യയിൽ സമ്പൂർണ സാക്ഷരത നേടിയ ആദ്യ ജില്ല.
ഏറ്റവും കൂടുതൽ വ്യവസായ ശാലകളുള്ള ജില്ല.
കേരളത്തിലെ പ്രധാന തുറമുഖമായ കൊച്ചി,
സലിംഅലി പക്ഷിസങ്കേതം,
വാസ്കോഡ ഗാമയുടെ അന്ത്യവിശ്രമസ്ഥലം
എന്നിവ ഈ ജില്ലയിലാണ്.

## ഇടുക്കി

ഏറ്റവും കൂടുതൽ വനപ്രദേശമുള്ള ജില്ല.
ഏറ്റവും ഉയർന്ന കൊടുമുടി സ്ഥിതി ചെയ്യുന്ന ജില്ല.
ഇന്ത്യയിലെ ആദ്യ കമാന അണക്കെട്ട്,
കേരളത്തിലെ ഏറ്റവും വലിയ ജലവൈദ്യുത പദ്ധതി
എന്നിവ ഈജില്ലയിൽ.

ദിവാകരൻ.പി
ALPS KUTTIPPURAM SOUTH

## കോട്ടയം

അക്ഷരങ്ങളുടെ നാട് .
സമ്പൂർണ സാക്ഷരത നേടുന്ന ആദ്യപട്ടണം,
ആദ്യത്തെ അച്ചടിശാല, ആദ്യത്തെ കോളേജ്
എന്നിവ കോട്ടയം ജില്ലയിലാണ്.

## ആലപ്പുഴ

ഏറ്റവും ചെറിയ ജില്ല.
കിഴക്കിന്റെ വെനീസ് എന്നറിയപ്പെടുന്നു.
വള്ളംകളികളുടെ നാട്.
ഭൂമിശാസ്ത്ര അതിശയമായ കുട്ടനാട്,
ഓട്ടംതുള്ളലിന്റെ ജന്മദേശമായ അമ്പലപ്പുഴ
എന്നിവ ആലപ്പുഴ ജില്ലയിൽ.

## പത്തനംതിട്ട

ഒരേയൊരു റെയിൽവെ സ്റ്റേഷൻ - തിരുവല്ല - മാത്രമുള്ള ജില്ല.
പ്രസിദ്ധമായ ആറന്മുളവള്ളംകളി,
ശബരിമല ക്ഷേത്രം എന്നിവ ഈജില്ലയിൽ.


## കൊല്ലം

ഏറ്റവും കുറവ് കടൽത്തീരമുള്ള ജില്ല.
കശുവണ്ടി വ്യവസായത്തിന് പ്രസിദ്ധമായ സ്ഥലം.
കഥകളിയുടെ ജന്മദേശമായ കൊട്ടാരക്കര,
കേരളത്തിലെ ആദ്യ ഇക്കോടൂറിസ്റ്റ് കേന്ദ്രമായ തെന്മല,
പലരുവി വെള്ളച്ചാട്ടം, ജടായുപ്പാറ
എന്നിവ കൊല്ലം ജില്ലയിൽ.

ദിവാകരൻ.പി

# തിരുവനന്തപുരം

**തെക്കേയറ്റത്തെ ജില്ല.**
**ഭരണസിരാകേന്ദ്രമായ സെക്രട്ടറിയേറ്റ്,**
**ടൂറിസ്റ്റ് വില്ലേജായ വേളി എന്നിവ**
**ഈ തലസ്ഥാന ജില്ലയിൽ.**



**കേരളത്തിന്റെ ആദ്യ മുഖ്യമന്ത്രി**
**ഇ. എം.ശങ്കരൻ നമ്പൂതിരിപ്പാട്**

**കേരളത്തിന്റെ**
**ആദ്യ വിദ്യാഭ്യാസമന്ത്രി**
**ജോസഫ് മുണ്ടശ്ശേരി**



Prepared by ദിവാകരൻ.പി ALPS KUTTIPPURAM SOUTH




# കേരളത്തിന്റെ ഔദ്യോഗികമുദ്ര

**അശോകസ്തംഭത്തിന് അഭിമുഖമായി രണ്ട് ആനകൾ നിൽക്കുന്നു. അശോകസ്തംഭത്തിനടിയിലായി ശംഖും ശംഖിനു ചുറ്റുമായി കതിരും ആലേഖനം ചെയ്തിരിക്കുന്നു.**

Prepared by
ദിവാകരൻ.പി
ALPS KUTTIPPURAM SOUTH

# നമ്മുടെ പ്രധാന ആഘോഷങ്ങൾ

ഓണം
വിഷു
ഈദുൽ ഫിത്ർ
ബക്രീദ്
ഈസ്റ്റർ
ക്രിസ്തുമസ്

ദിവാകരൻ.പി
ALPS KUTTIPPURAM SOUTH

**കേരളത്തിൽ 44 നദികൾ ഉണ്ട്.**

**41 എണ്ണം പടിഞ്ഞാറോട്ട് ഒഴുകുന്നു.**

**3 എണ്ണം കിഴക്കോട്ട് ഒഴുകുന്നു.**

**കിഴക്കോട്ട് ഒഴുകുന്ന നദികൾ**
**കബനി, ഭവാനി, പാമ്പാർ**

## പ്രധാന നദികൾ

1. പെരിയാർ
2. ഭാരതപ്പുഴ
3. പമ്പാനദി
4. ചാലിയാർ
5. ചാലക്കുടിപ്പുഴ
6. കടലുണ്ടിപ്പുഴ
7. അച്ചൻകോവിലാർ
8. കല്ലടയാർ
9. മുവാറ്റുപുഴയാർ
10. വളപട്ടണം പുഴ
11. ചന്ദ്രഗിരിപ്പുഴ
12. മണിമലയാർ

Prepared by ദിവാകരൻ.പി ALPS KUTTIPPURAM SOUTH

ഏറ്റവും നീളം കൂടിയ നദി
**പെരിയാർ**

ഏറ്റവും ചെറിയ നദി
**മഞ്ചേശ്വരംപുഴ**

കേരളത്തിന്റെ തെക്കേയറ്റത്തെ നദി
**നെയ്യാർ**

കേരളത്തിന്റെ വടക്കേയറ്റത്തെ നദി
**മഞ്ചേശ്വരംപുഴ**


ഏതു പുഴയുടെ തീരമാണ് മാമാങ്ക വേദിയായിരുന്നത്?
**ഭാരതപ്പുഴ**

ഏറ്റവും കൂടുതൽ അണക്കെട്ടുകളുള്ള നദി
**പെരിയാർ**

Prepared by
ദിവാകരൻ.പി
ALPS KUTTIPPURAM SOUTH


# വന്യജീവിസംരക്ഷണ കേന്ദ്രങ്ങൾ







**കേരളത്തിൽ
അഞ്ച് ദേശീയോദ്യാനങ്ങളുണ്ട്.
1934-ൽ ആരംഭിച്ച പെരിയാർ ടൈഗർ
റിസർവാണ് ആദ്യത്തേത്.
ദേശീയോദ്യാനങ്ങൾ കൂടാതെ
16 വന്യജീവിസംരക്ഷണകേന്ദ്രങ്ങളും
ഉണ്ട്.
ഇതിൽ മൂന്നെണ്ണം
പക്ഷിസങ്കേതങ്ങളാണ്.
നീലഗിരി, അഗസ്ത്യവനം, എന്നിങ്ങനെ
രണ്ട് ജൈവമേഖലകളും ഉണ്ട്.**






Prepared by
ദിവാകരൻ.പി
ALPS KUTTIPPURAM SOUTH



ഇരവികുളം, സൈലന്റ് വാലി,
പാമ്പാടും ചോല, മതികെട്ടാൻചോല,
ആനമുടിച്ചോല
എന്നിവയാണ് 5 ദേശീയോദ്യാനങ്ങൾ.
പെരിയാർ, നെയ്യാർ, പറമ്പിക്കുളം,
പേപ്പാറ, ചെന്തുരുണി, ചിന്നാർ,
തട്ടേക്കാട്, മംഗളവനം, ചിമ്മിണി,
പീച്ചി-വാഴാനി, വയനാട്,
ചൂലന്നൂർ-മയിൽ സങ്കേതം,
ഇടുക്കി, കുറിഞ്ഞി,
ആറളം,മലബാർ എന്നിവയാണ്
വന്യജീവി സങ്കേതങ്ങൾ.







Prepared by ദിവാകരൻ.പി ALPS KUTTIPPURAM SOUTH

# നമ്മുടെ കേരളത്തിന്റെ വൃക്ഷം





## തെങ്ങ്

**തെങ്ങ് നല്ല തെങ്ങ്**
**തേങ്ങ തരും തെങ്ങ്**
**ഓല തരും തെങ്ങ്**
**കാറ്റിലാടും തെങ്ങ്**
**എന്തു നല്ല തെങ്ങ്**
**എന്തു ഭംഗി തെങ്ങ് !**

ദിവാകരൻ.പി
ALPS KUTTIPPURAM SOUTH

# നമ്മുടെ കേരളത്തിന്റെ പുഷ്പം



ഗുരു- കുറ്റിപ്പുറം

## കണിക്കൊന്ന

**മഞ്ഞനിറത്തിൽ കൊന്നപ്പൂ**
**സ്വർണംപോലെ  കൊന്നപ്പൂ**
**മേടം വന്നാൽ കൊന്നപ്പൂ**
**നമ്മുടെ സ്വന്തം കൊന്നപ്പൂ**

Prepared by
ദിവാകരൻ.പി
ALPS KUTTIPPURAM SOUTH

# നമ്മുടെ കേരളത്തിന്റെ പഴം






ഗുരു- കുറ്റിപ്പുറം

## ചക്ക

**പ്ലാവിൽ കായ്ക്കും ചക്ക**
**വലിയൊരു പഴമാ ചക്ക**
**തേനിൻ മധുരം ചക്ക**
**തേൻവരിക്കച്ചക്ക**
**നമ്മുടെ പഴമാ ചക്ക**
**കേരളനാടിൻ ചക്ക**

# നമ്മുടെ കേരളത്തിന്റെ മൃഗം





## ആന

ചതുങ്ങാം പിതുങ്ങാം നാലാള്
തപ്പട കൊട്ടാൻ രണ്ടാള്
തപ്പിപ്പിടിക്കാൻ ഒരാള്
ആനച്ചന്തം കണ്ടില്ലേ

# നമ്മുടെ കേരളത്തിന്റെ പക്ഷി



## മലമുഴക്കി വേഴാമ്പൽ



**പക്ഷി വലിയൊരു പക്ഷി**
**തൊപ്പിക്കാരൻ പക്ഷി**
**ടപ്പ് ടപ്പ് ചിറകുകൾ വീശി**
**മലമുഴക്കും പക്ഷി**
**വലിയൊരു കൊക്കതു നീട്ടീട്ട്**
**പഴങ്ങൾ കൊത്തി വിഴുങ്ങീടും**
**കാട്ടിലെ കർഷകൻ പക്ഷി**
**നമ്മുടെ സംസ്ഥാനപക്ഷി**

കൂടുതൽ അറിയാൻ Click →



## നമ്മുടെ കേരളത്തിന്റെ മീൻ






# കരിമീൻ

**മീന് മീന് കരിമീന്**
**നമ്മുടെ സ്വന്തം മീനാണ്**
**കായൽ കുളം പുഴകളിൽ**
**വളർന്നു വരുന്നൊരു മീനാണ്**

ദിവാകരൻ.പി
ALPS KUTTIPPURAM SOUTH

## നമ്മുടെ കേരളത്തിന്റെ പാനീയം






# ഇളനീർ

**നീര് നീര് ഇളനീര്**
**നല്ലൊരു നീര് ഇളനീര്**
**ദാഹമകറ്റാൻ ഇളനീര്**
**മരുന്നു തന്നെയാ തെളിനീര്**
**തെങ്ങു തരുന്നു ഇളനീര്**
**തെളിനീരുള്ളൊരു ഇളനീര്**

Prepared by
ദിവാകരൻ.പി
ALPS KUTTIPPURAM SOUTH

# നമ്മുടെ കേരളത്തിന്റെ പൂമ്പാറ്റ





## ബുദ്ധമയൂരി

**പൂക്കൾതേടിത്തേടി വരും**
**മയിൽ വർണത്തിൽ പൂമ്പാറ്റ**
**നമ്മുടെ സ്വന്തം പൂമ്പാറ്റ**
**ബുദ്ധമയൂരി പൂമ്പാറ്റ**

കൂടുതൽ അറിയാൻ

Click



# കേരളത്തിലെ കലകളിൽ ചിലത്



കഥകളി



ഓട്ടൻതുള്ളൽ



മോഹിനിയാട്ടം



## ചാക്യാർകൂത്ത്

## കൂടിയാട്ടം





## ചെണ്ടമേളം

## പഞ്ചവാദ്യം




Prepared by ദിവാകരൻ.പി ALPS KUTTIPPURAM SOUTH



യക്ഷഗാനം

തെയ്യം





ഒപ്പന

കണ്യാർകളി



Prepared by ദിവാകരൻ.പി ALPS KUTTIPPURAM SOUTH



# തിരുവാതിരക്കളി



# മാർഗംകളി



# കോൽക്കളി



# പരിചമുട്ടുകളി



# ദഫ്മുട്ട്



# അറബനമുട്ട്



# പടയണി



# വള്ളംകളി

Prepared by
ദിവാകരൻ.പി
ALPS KUTTIPPURAM SOUTH

# ജ്ഞാനപീഠസമ്മാനം നേടിയ
# മലയാളഎഴുത്തുകാർ



ജി. ശങ്കരക്കുറുപ്പ്



എസ്.കെ പൊറ്റെക്കാട്



തകഴി ശിവശങ്കരപ്പിള്ള




എം ടി. വാസുദേവൻ നായർ



ഒ എൻ വി. കുറുപ്പ്

ഗുരു- കുറ്റിപ്പുറം



അക്കിത്തം അച്യുതൻ
നമ്പൂതിരി

# മലയാളം അക്കങ്ങൾ

൦ – 0
൧ – 1
൨ – 2
൩ – 3
൪ – 4
൫ – 5
൬ – 6
൭ – 7
൮ – 8
൯ – 9

# മലയാള മാസങ്ങൾ

1. ചിങ്ങം
2. കന്നി
3. തുലാം
4. വൃശ്ചികം
5. ധനു
6. മകരം
7. കുംഭം
8. മീനം
9. മേടം
10. ഇടവം
11. മിഥുനം
12. കർക്കടകം

ദിവാകരൻ.പി
ALPS KUTTIPPURAM SOUTH

# മലയാളമാസപ്പാട്ട്

(തുള്ളൽപ്പാട്ടിന്റെ ഈണത്തിൽ ഈ പാട്ട് പാടി നോക്കൂ.)

ചിങ്ങം വന്നൂ ചിങ്ങം വന്നൂ
പൂവുകളെല്ലാം പൂക്കളമായി
കന്നിക്കൊയ്ത്തിനു പാടമൊരുങ്ങീ
നെല്ലിൻ ചെടികൾ സന്തോഷിച്ചു
മഴമഴ പെരുമഴ പേമഴയിടിമഴ
മാനത്തെത്തി തുലാമേഘങ്ങൾ
കൊട്ടും പാട്ടും മേളവുമായൊരു
വൃശ്ചികമാസം ഉത്സവമാസം
തിരുവാതിരയും പൂക്കളുമായി
കുളിരും ധനുവും വന്നങ്ങെത്തി
പാലകൾ പൂത്തൂ മകരം വന്നൂ
മാമ്പൂ നുള്ളി കുട്ടികളോടി

കുംഭം വന്നൂ വമ്പൻ കൊമ്പൻ
നെറ്റിപ്പട്ടം കെട്ടിയൊരുങ്ങി
എന്തൊരു ചൂടു വിയർത്തു കുളിച്ചൂ
മീനം വന്നൂ വേനൽക്കാലം
മേടം വിഷുവിൻ മാസം കൊന്ന -
പ്പൂവുകൾ നമ്മുടെയവധിക്കാലം
ഇടവം വന്നു മഴയറിയിച്ചു
ഇടിമിന്നലുമായ് പെരുമഴയെത്തി
മിഥുനപ്പകലും രാത്രിയുമെല്ലാം
മഴ പേടിച്ചേ വാതിലടച്ചു
കുടയില്ലാതെ വരുന്നേരത്തൊരു
മഴ ഞാനോടീ കർക്കടകം.

- ഉണ്ണി അമ്മയമ്പലം

# കേരളപ്പിറവിദിന ക്വിസ് - 2021

## എന്റെ കേരളം - മനോഹരഗാനം കേൾക്കാം

നമ്മുടെ കേരളത്തെക്കുറിച്ച്
അറിയാനുണ്ട്
ഇനിയും ഒരുപാടൊരുപാട് !

ദിവാകരൻ.പി
ALPS KUTTIPPURAM SOUTH